# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2117 — 06.02.2019 ൽ മറുപടിക്ക്

### ശബരിമല പാതയിൽ പി.എച്ച്.സി

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈരാറ്റുപേട്ട ഫാമിലി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | നിലവിൽ പദവി ഉയർത്തുക എന്നതല്ല മറിച്ച് നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തികകൾ സൃഷ്ടിച്ചും സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളെ രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോട്ടയം ജില്ലയിൽ നിന്നും ഈരാറ്റുപേട്ട പി.എച്ച്.സിയെ തെരെഞ്ഞെടുത്ത് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ പാലാ ജനറൽ ആശുപത്രിയും, 28 കിലോമീറ്റർ ചുറ്റളവിൽ പാമ്പാടി താലൂക്കാശുപത്രിയും സ്ഥിതിചെയ്യുന്നുണ്ട്. |
| (ബി) | എരുമേലി കഴിഞ്ഞാൽ നിലക്കൽ വരെയുള്ള 45 കി.മീ. ദൂരം വരെ അയ്യപ്പഭക്തർക്ക് ചികിത്സാ സഹായത്തിന് ആശുപത്രികളില്ലാത്തതിനാൽ ശബരിമല പാതയിൽ, കണമലയിൽ കാഷ്വാലിറ്റി സംവിധാനത്തോട് കൂടിയ പി.എച്ച്.സി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | എരുമേലി മുതൽ കണമല വരെയുള്ള പ്രദേശത്ത് എരുമേലി സി.എച്ച്.സി. കൂടാതെ മുട്ടപ്പള്ളിയിലും എരത്വാപ്പുഴയിലും രണ്ട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എരുമേലി സി.എച്ച്.സിയിലെ ശരാശരി ഒ.പി. 400 ആണ്. ഇവിടെ ഒരു സിവിൽ സർജൻ ഉൾപ്പടെ 7 ഡോക്ടർമാരും ഒരു എൻ.എച്ച്.എം.ഡോക്ടറും സേവനം നടത്തി വരുന്നു. ശബരിമല സീസൺ കാലത്ത് ടി സി.എച്ച്.സി. 24 മണിക്കൂറും പ്രവർത്തിക്കുന്നു. നാലോ അതിലധികമോ ഡോക്ടർമാരുള്ള സി.എച്ച്.സി.കളിൽ ഒ.പി.സമയം രാവിലെ 9 മണി മുതൽ വൈകുന്നേര 6 മണിവരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ പട്ടികയിൽ എരുമേലി സി.എച്ച്.സി.യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എരുമേലി സി.എച്ച്.സി യിൽ സീസൺ കാലത്തുമാത്രം ആധുനിക ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുപകരം പ്രസ്തുത സംവിധാനങ്ങൾ സ്ഥിരമായി നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ